# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ - 6035

10.7.2012 ന് മറുപടിയ്ക്ക്

### വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സ്മാരകം

ചോദ്യം
ശ്രീ.കെ . മുരളീധരൻ

മറുപടി
ശ്രീ. കെ. സി. ജോസഫ്
ബഹു.ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി

| | |
|---|---|
| (എ) വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സ്മാരകം സ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br><br>(ബി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട് ; | (എ)യും(ബി)യും<br>വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സ്മാരകം സ്ഥാപിക്കുന്നതിനായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്മാരകം സ്ഥാപിക്കുന്നതിനായി വട്ടിയൂർക്കാവിൽ ഉചിതമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, 2012-13 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയത്തിനും വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സ്മാരകത്തിനുമായി ഒരു കോടി രൂപ പ്രഖ്യാപിച്ചിരുന്നെങ്കിലും 2012-13 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിൽ ടി തുക ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ പ്രസ്തുത തുക സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം അനന്തര നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) സ്മാരകത്തിനായി സ്ഥലം ഏറ്റെടുക്കൽ, പദ്ധതി നിർവ്വഹണം എന്നിവയിൽ കാലതാമസം ഉണ്ടാവുന്നത് എന്ത് കാരണത്താലാണ് ; | (സി)സ്വാതന്ത്ര്യ സ്മാരകം സ്ഥാപിക്കുന്നതിനായി വട്ടിയൂർക്കാവിൽ ഉചിതമായ സ്ഥലം ലഭ്യമായിട്ടില്ല. |
| (ഡി) ബഡ്ജറ്റ് വിഹിതം ഈ വർഷം ചെലവഴിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ? | (ഡി) ഉചിതമായ സ്ഥലം ലഭ്യമായാൽ നടപടി സ്വീകരിക്കുന്നതാണ്. |

Padmini P

സെക്ഷൻ ഓഫീസർ